ഉത്തരം

(എ) ഇല്ല.

(ബി -ജി) 'ബാധകമല്ല'

പി.എസ്.സി.-യും കർമ്മ പദ്ധതികളും

64 (1928) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി സദയം നൽകുമോ :

(എ) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തസ്തികകൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർമാർ

65 (1929) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-12-2010 തീയതിയിലെ വിജ്ഞാപനം വഴി കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർമാരുടെ എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത് ; ഇതിനുള്ള എഴുത്തുപരീക്ഷ എന്നാണ് നടത്തിയത്, ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ; ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേർക്കാണ് ഇതേവരെ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയത് ; ഇതിൽനിന്നും എത്ര പേർക്കാണ് ഇതേവരെ നിയമനം ലഭിച്ചിട്ടുള്ളത് ; ബാക്കി എത്ര പേർക്കാണ് ഇനി നിയമനം നൽകാനുള്ളത് ; അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ;

(സി) ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല. ടി തസ്തികയിലേക്ക് 9-6-2012-ൽ OMR പരീക്ഷ നടത്തി. 9-5-2013-ൽ ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ടി തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ടി റാങ്ക് ലിസ്റ്റിൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(ബി) 9300 പേർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. അതിൻപ്രകാരം ആകെ 5363 പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്. ശേഷിച്ച 3937 പേർക്കാണ് ഇനി നിയമനം നൽകാനുള്ളത്. 5-11-2011-ൽ റിസർവ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടേയും കണ്ടക്ടർമാരുടേയും ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിൽ 3,808 റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1,257 എണ്ണം നേരത്തെ കമ്മീഷൻ അഡ്വൈസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതുമൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്കു പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, തുടർ വർഷങ്ങളിൽ തുടങ്ങാൻ സാദ്ധ്യതയുള്ള ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചതും ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ച പിശകുമൂലമാണ് ഇത്രയും അധികം എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതല്ലെന്നും

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രമേ നിയമന ശിപാർശ നൽകുവാൻ നടപടി സ്വീകരിക്കാവൂ എന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശിപാർശ നൽകുകയാണുണ്ടായത്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ മതിയായ ഒഴിവുകൾ ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ പി.എസ്.സി. നിയമനം

66 (1930) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 267/2011 കാറ്റഗറി നമ്പർ പ്രകാരം പി.എസ്.സി., 9-5-2013-ൽ എഴുത്ത് പരീക്ഷയും 5-2-2014-ൽ പ്രായോഗിക പരീക്ഷയും നടത്തിയ, ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്തുകൊണ്ടാണ് നാളിതുവരെ പ്രസിദ്ധീകരിക്കാത്തതെന്നും ആയത് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് എന്നും പ്രസ്തുത ഒഴിവുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള തീയതികളും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 17-11-2014 തീയതി വച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 380 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത തീയതികൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി

67 (1931) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വിവിധ ജില്ലകളിൽ നിലവിലുള്ള പി.എസ്.സി. എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി, വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly